SMART PAGE

# സ്കൂൾ ആപ്പ്!



ഇനി സ്കൂളുമായി ബന്ധപ്പെട്ട വിവരങ്ങളും അറിയിപ്പുകളും ഞൊടിയിടയിൽ നമ്മുടെ സ്ക്രീനിൽ റെഡി! വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമായ ഈ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുന്നതോടെ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ലഭ്യമാണ്.

ഔദ്യോഗിക ആപ്ലിക്കേഷനല്ലെങ്കിലും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയിലൂടെ മുന്നോട്ടു പോവുന്ന ടെക്നിക്കൽ ടീം ഈ ആപ്പിന് പിന്നിൽ സേവനം ചെയ്യുന്നുണ്ട്. ഹാരിസ് കൊളത്തൊടി എന്ന പ്രോഗ്രാമറാണ് ആപ്പ് വികസിപ്പിച്ചെടുത്തത്.

ആപ്പിൽ ലഭ്യമാവുന്ന വിവരങ്ങൾ പരിശോധിക്കാം. ന്യൂസ് അപ്ഡേറ്റ്സ് ആണ് ഇതിൽ പ്രധാനം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ, പരീക്ഷാ അറിയിപ്പുകൾ, ടൈം ടേബിളുകൾ, റിസൾട്ടുകൾ മുതലായവ ഇതിൽ ലഭ്യമാവും. 'ഓഫീസ് റിലേറ്റഡ്' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ വിദ്യാർഥികളുമായി ബന്ധപ്പെട്ട ഒട്ടേറെ സേവനങ്ങൾ നൽകുന്ന സൈറ്റ് ലിങ്കുകളാണ്. 'സ്കൂൾ ലിങ്ക്സ്' എന്ന ബട്ടണാണ് ആദ്യം കാണുക. സ്കൂൾ അധ്യാപകരുടെ പട്ടിക, സ്കൂളുകളുടെ വിവരങ്ങൾ, ടെക്സ്റ്റ് ബുക്ക് മോണിറ്ററിങ്, സ്കൂൾ വിക്കി പോർട്ടൽ തുടങ്ങിയ കുറേ സൈറ്റുകൾ കാണാം. 'സ്കൂൾ സൈറ്റ്സ്' എന്ന ലിങ്കിൽ സ്കൂളുകളുമായി ബന്ധപ്പെട്ട സൈറ്റുകൾ എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാവും. അതിൽ തന്നെ കോണ്ടാക്ട് നമ്പറുകളും ഡൗൺലോഡുകളും ലഭ്യമാണ്.



'ക്ലാസ് റിലേറ്റഡ്' എന്ന മെനുവിലെത്തിയാൽ ക്ലാസ് റിസോഴ്സസ് എന്ന് കാണാം. അതിൽ എല്ലാ ക്ലാസിലെയും പാഠഭാഗങ്ങളുടെ യൂണിറ്റ് തിരിച്ചുള്ള പി.ഡി.എഫും ഹാന്റ്ബുക്കും ബ്ലോഗുകളും കാണാം. മലയാളം, ഇംഗ്ലീഷ് ഇ-പുസ്തകങ്ങളുടെ ലിങ്കും, 'ഓളം' ഡിക്ഷണറി ലിങ്കും ഓൺലൈനിൽ ലഭ്യമായ മറ്റു റിസോഴ്സുകളും ഇതിൽ ചേർത്തിട്ടുണ്ട്. ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക്, 1-12 വരെ ക്ലാസുകളിലേക്കുള്ള വർക്ക്ഷീറ്റ്സ്, ടീച്ചിങ് മാന്വൽ, ഓഡിയോ വീഡിയോ റിസോഴ്സസ്, ഐ.ടി. ഹെൽപ്, റിസൾട്ട്, ഫോമുകൾ, ഡിപ്പാർട്ട്മെന്റ് നമ്പറുകൾ, പുതിയ ഓർഡർ-സർക്കുലർ തുടങ്ങിയവ ലഭ്യമാവുമെന്നതും ഈ ആപ്പിന്റെ പ്രത്യേകതയാണ്.



ക്യൂ.ആർ. കോഡ്

ആൻഡ്രോയ്ഡ് ഫോണിനുള്ള സ്കൂൾ ആപ്പ് ലഭ്യമാവാൻ പ്ലേ സ്റ്റോറിൽ കയറി School App Kerala എന്ന് സെർച്ച് ചെയ്താൽ മതി. മുകളിൽ കൊടുത്ത QR Code സ്കാൻ ചെയ്തും ആപ്പ് ഇൻസ്റ്റാൾ ചെയ്യാം. ✦

• സുഹൈറലി